(ബി) ഇൻഡ്യയിൽവച്ച് ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ കേരളത്തിലാണടച്ചുപൂട്ടിയതെന്നുള്ള കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശരിയാണോ ?

ഉത്തരം

(എ) ആവശ്യമായ സംവിധാനം എന്ന പദപ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്നു വ്യക്തമല്ല. എന്നാൽ 1-12-1985 മുതൽ സെൻട്രൽ ഗവൺമെൻറ് എക്സൈസ് ഡ്യൂട്ടി ഇളവു പിൻവലിച്ചതു കാരണം 22 തൊഴിലാളികൾ ജോലിചെയ്യുന്ന കേരള ടയർ ആൻറ് റബ്ബർ കമ്പനി അടച്ചുപൂട്ടിയിട്ടുണ്ട്. ഇതല്ലാതെ മറ്റു വ്യവസായ സ്ഥാപനങ്ങൾ ഒന്നും ഈ കാലഘട്ടത്തിൽ അടച്ചുപൂട്ടിയിട്ടില്ല.

(ബി) കേന്ദ്രമന്ത്രിയുടെ പ്രസ്താവന എന്തടിസ്ഥാനത്തിലാണ് എന്നു സംസ്ഥാന ഗവൺമെൻറിന് അറിയില്ല. ഇതിന് ആധാരമായ വസ്തുതകൾ സ്റേറ്റ് ഗവൺമെൻറിനോട് അന്വേഷിക്കുകയോ പ്രസ്തുത വിവരം സ്റേറ്റ് ഗവൺമെൻറ് നൽകുകയോ ചെയ്തിട്ടുള്ളതല്ല. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കേന്ദ്രമന്ത്രിയുടെ പ്രസ്താവന തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിന് എഴുതുന്നുണ്ട്.

കുന്നത്തറ ടെക്സ്റൈൽസിലെ സമരം

251. [423] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കുന്നത്തറ ടെക്സ്റൈൽസിലെ തൊഴിലാളികൾ ആരംഭിച്ച സമരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സമരം ഒത്തുതീർപ്പിലെത്തിക്കാൻ ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കുന്നത്തറ ടെക്സ്റൈൽസ് ഗവൺമെൻറ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുരഞ്ജന സംഭാഷണങ്ങളിൽകൂടി പ്രശ്നം പരിഹരിക്കാൻ ലേബർ ഡിപ്പാർട്ടുമെൻറ് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

(സി) ഈ പ്രശ്നം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല.

കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി

252. [424] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് വല്ല നിർദ്ദേശവും സർക്കാരിൻെറ സജീവ പരിഗണനയിലുണ്ടോ ;

(ബി) ഇതേ സംബന്ധിച്ച് സർക്കാർ അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(സി) കമ്മീഷൻ റിപ്പോർട്ട് ഗവൺമെൻറിന് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly